മന്ത്രി ചോദ്യത്തിന് ഉത്തരമായിട്ട് വ്യക്തമാക്കിയിട്ടുണ്ട്. ആ ലൈസൻസുള്ള അംഗീകൃത റിക്രൂട്ടിംഗ് ഏജൻസികളെ സംബന്ധിച്ച് ജില്ല തിരിച്ച് പത്രങ്ങളിൽ പരസ്യം ചെയ്യാൻ അറിയിപ്പ് കൊടുക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ; ഇപ്പോൾ ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിൽ ഇത് കൊടുത്തിട്ടുണ്ടെന്ന് പറഞ്ഞിട്ടുണ്ട്. പക്ഷേ അതൊക്കെ നമ്മുടെ നാട്ടിലെ കൂടുതൽ ആളുകൾക്ക് അറിയാൻ കഴിയുന്നതല്ല. അതുകൊണ്ട് എല്ലാ പത്രങ്ങളിലും ജില്ല തിരിച്ചും അംഗീകൃത ലൈസൻസുള്ള ഏജൻസികളെ സംബന്ധിച്ച് ഒരു അറിയിപ്പ് കൊടുത്താൽ അത് സഹായകരമായിരിക്കും. അതിന് നടപടി സ്വീകരിക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : അനധികൃതമായ വിദേശ റിക്രൂട്ട്മെന്റ് തടയുന്നതിന് പ്രവാസി ഡിപ്പാർട്ടുമെന്റിന്റെ ചുമതലയിൽ തന്നെ പൊതുജനങ്ങളെ അതിന്റെ വിവരങ്ങൾ കാലാകാലങ്ങളിൽ അറിയിക്കുന്നതിനും അനധികൃത വിദേശ റിക്രൂട്ട്മെന്റുകളെക്കുറിച്ച് ബോധവൽക്കരിക്കുന്നതിനുമായി ഒരു സംസ്ഥാന സമിതി രൂപീകരിച്ചിട്ടുണ്ട്.

തൊഴിൽ സാദ്ധ്യതകളെ സംബന്ധിച്ച് പഠനം

3 (T *360) ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തൊഴിൽ സാദ്ധ്യതകളെ സംബന്ധിച്ച് പഠനം നടത്താൻ ഉദ്ദേശിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

(ബി) എങ്കിൽ ഇതിനുവേണ്ടി വിദഗ്ദ്ധ സമിതിയെ നിയോഗിച്ചുവോ ;

(സി) പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(ഡി) സംസ്ഥാനത്തെ തൊഴിൽ സാധ്യതകൾ സംബന്ധിച്ചുള്ള വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) സമിതി ഗവൺമെന്റ് വകുപ്പ് തലവൻമാരുമായി ചർച്ച നടത്തിയിട്ടുണ്ടോ ;

(എഫ്) വിദഗ്ദ്ധ സമിതിയുടെ നിഗമനങ്ങൾ എന്തൊക്കെ എന്ന് വെളിപ്പെടുത്തുമോ ;

(ജി) സമിതിയുടെ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ,

(എ) ഇപ്രകാരം ഒരു പഠനം നടത്താനുള്ള ഉദ്ദേശം ഇപ്പോൾ തൊഴിൽ വകുപ്പിന് ഇല്ല. എന്നാൽ, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ കീഴിൽ ഇത്തരമൊരു പഠനം നടത്താൻ ഉദ്ദേശമുണ്ട്.

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല.

(സി-ജി) ഉദിക്കുന്നില്ല.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : നമ്മുടെ രാജ്യത്ത് തൊഴിലില്ലായ്മ കൂടുതലാണെന്നുള്ള വ്യാപകമായ പ്രചരണമുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളുടെ എണ്ണം തന്നെ ലക്ഷങ്ങളുണ്ട്. എന്നാൽ പല തൊഴിലിനും ആളിനെ കിട്ടുന്നില്ല. ഏതെല്ലാം തൊഴിലിനാണ് ആളിനെ ആവശ്യമുള്ളത്, ഏത് തൊഴിലിനാണ് ആളിനെ ആവശ്യമില്ലാത്തതെന്ന് സർവേ നടത്തി മനസിലാക്കി അതിന്റെ അടിസ്ഥാനത്തിൽ ഓരോ തൊഴിലിനും ആവശ്യമുള്ള ആളുകളെ പരിശീലിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : സംസ്ഥാനത്തെ തൊഴിൽ സാദ്ധ്യതകളെ കുറിച്ച് തൊഴിൽ വകുപ്പ് യാതൊരുവിധ പഠനങ്ങളും നടത്തിയിട്ടില്ല. ഈ ചോദ്യംതന്നെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ ഉദ്ദേശിച്ചാണ്. എപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ നിയന്ത്രണവും ചുമതലയും വഹിക്കുന്നത് ഞാനല്ല. തൊഴിൽ വകുപ്പിൽനിന്ന് ഇതുസംബന്ധിച്ച പഠനം നടത്തുന്നതിനായി ഒരു സമിതിയേയും ചുമതലപ്പെടുത്തിയിട്ടില്ല. സംസ്ഥാനത്തെ തൊഴിൽ സാദ്ധ്യതകളെക്കുറിച്ചുള്ള വിവരങ്ങൾ ഒന്നും തന്നെ തൊഴിൽ വകുപ്പിൽ ലഭ്യവുമല്ല. നമ്മുടെ രാജ്യത്ത് ഏത് വിഭാഗം ആളുകൾക്കാണ് തൊഴിൽ ലഭിക്കാനുള്ളതെന്നുള്ളതിനെ സംബന്ധിച്ചൊന്നും ഒരു പഠനവും ലേബർ ഡിപ്പാർട്ടുമെന്റിൽ നടത്തിയിട്ടില്ല.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : ഇതുവരെ നടത്തിയിട്ടില്ലെന്നുള്ളത് ഇവിടെ എഴുതിത്തന്ന ഉത്തരത്തിലുണ്ട്. ഇത് നടത്തുമോയെന്നുള്ളതാണ് ചോദ്യം. കാരണം പല തൊഴിലിനും ആളിനെ ആവശ്യമുണ്ട്. അതിന് പരിശീലനം കിട്ടിയ ആളുകളില്ല. ഒരുവശത്ത് തൊഴിലില്ലായ്മയുടെ പേരിൽ തൊഴിലിനുവേണ്ടി പേര് രജിസ്റ്റർ ചെയ്തവരുടെ സംഖ്യ കൂടുമ്പോൾ മറുവശത്ത് ആവശ്യത്തിന് തൊഴിലാളികളെ കിട്ടാനുള്ള ബുദ്ധിമുട്ടുണ്ട്. ഇക്കാര്യത്തിൽ എന്ത് ചെയ്യാൻ സാധിക്കുമെന്ന് ഒരു സർവേ നടത്തി ഇന്നയിന്ന ട്രേഡുകളിലാണ് ആവശ്യമെന്ന് കണ്ടെത്തി അത് പൊതുജനങ്ങളുടെ മുന്നിൽ സമർപ്പിക്കുമോയെന്നാണ് എന്റെ ചോദ്യം ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : സർവേ നടത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

ശ്രീ. വി. കെ. ചന്ദ്രൻ : ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിന്റെ പഠനം വേണ്ടത്ര സമഗ്രമായിട്ടില്ലെന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിന് ഫലപ്രദമായ മറ്റൊരു ഏജൻസിയെ ഏൽപ്പിക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ ഈ പ്രശ്നം ഇവിടെ ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് അത് പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. ചന്ദ്രൻ : ജോലി സാദ്ധ്യതകളെ സംബന്ധിച്ച് മറ്റ് സംസ്ഥാനങ്ങളിൽ നടത്തിയ പഠനരീതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത്തരമൊരു പഠനരീതി ഇവിടെ നടപ്പിലാക്കാൻ ഗവൺമെന്റ് ശ്രമിക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിൽ സംസ്ഥാനത്തെ തൊഴിൽ സാദ്ധ്യതകളെക്കുറിച്ച് പഠനം നടത്താൻ ഉദ്ദേശമുള്ളതായി പ്രസ്തുത വകുപ്പ് അറിയിച്ചിട്ടുണ്ട്. എന്നാൽ, ഇതുസംബന്ധിച്ച് ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കുക, തുടങ്ങിയ കാര്യങ്ങളൊന്നുംതന്നെ ആ വകുപ്പിൽ ഇതുവരെ ഉണ്ടായിട്ടില്ല. അതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഈ ചോദ്യത്തിന്റെ അടിസ്ഥാനത്തിൽ ആ വകുപ്പിനോട്, അതായത് ഈ വിദഗ്ദ്ധ സമിതിയെ നിയമിക്കണമെന്ന് ആവശ്യപ്പെടാവുന്നതാണ്.

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : ഇവിടെ ഇൻഫർമേഷൻ ടെക്നോളജിയുടെയൊക്കെ വികസനത്തിന്റെയും നമ്മുടെ സംസ്ഥാനത്തെ ധാതു വിഭവങ്ങളെല്ലാം ഉപയോഗിക്കാൻ കഴിയുന്നതിന്റെ ഫലമായും 10 വർഷംകൊണ്ട് എത്ര തൊഴിൽ സാദ്ധ്യതകൾ ഉണ്ടാക്കാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് വല്ല പഠനവും നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന് തയ്യാറാകുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : ഇതുവരെ ഒരു പഠനവും നടത്തിയിട്ടില്ല. അതിന് തയ്യാറാകുമോയെന്നതിനെക്കുറിച്ചാണ് ഞാൻ നേരത്തെ പറഞ്ഞത്. അതായത് ഒരു വിദഗ്ദ്ധ സമിതിയെ നിയമിക്കുന്നത് സംബന്ധിച്ച് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിനെ അറിയിക്കുന്നതാണ്.

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : തൊഴിൽ വകുപ്പിന് അങ്ങനെയൊരു പഠനം നടത്താൻ യാതൊരു പരിപാടിയും ഇല്ലെന്നാണ് പറയുന്നത്. നമ്മുടെ സംസ്ഥാനത്തെ തൊഴിലില്ലായ്മ ഇപ്പോൾ ഒരു വലിയ സമൂഹപ്രശ്നമായിരിക്കുകയാണ്. അത് പരിഹരിക്കുന്നതിനുവേണ്ടി മൊത്തത്തിൽ ഇതു സംബന്ധിച്ച് ഗൗരവമായ ഒരു പഠനം നടത്താൻ സർക്കാർ നടപടിയെടുക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : അതാണ് ഞാൻ ഉദ്ദേശിച്ചത്. നമ്മുടെ ആസൂത്രണ സാമ്പത്തികകാര്യവകുപ്പിൽ ഈ സംസ്ഥാനത്തെ തൊഴിലില്ലാത്തവരുടെയും തൊഴിൽ സാദ്ധ്യതകളെ സംബന്ധിച്ചും പഠനം നടത്താൻ, അവർ ഉദ്ദേശിക്കുന്നുണ്ട്. അതിന് കമ്മിറ്റിയെ നിയമിക്കാൻ ആലോചനയുണ്ട്. ഇതുവരെ ഒരു പഠനം നടത്തിയിട്ടില്ലാത്തതുകൊണ്ട് ആ ഡിപ്പാർട്ടുമെന്റിനെകൊണ്ട് നടപടി നടത്തിക്കുന്നതിന് ഗവൺമെന്റ് ആലോചിക്കുന്നതാണ്.

ശ്രീ. കെ. സി. വേണുഗോപാൽ : അഭ്യസ്തവിദ്യരായ ലക്ഷക്കണക്കിന് ചെറുപ്പക്കാർ തൊഴിലില്ലാതെ നമ്മുടെ നാട്ടിൽ അലയുകയാണ്. യഥാർത്ഥത്തിൽ തൊഴിൽ ലഭിക്കേണ്ട ആളുകൾക്ക് തൊഴിൽ നൽകുന്നതിനുപകരം പിൻവാതിലിലൂടെ നിയമനം നടത്തുന്നതുകൊണ്ട് യഥാർത്ഥ ചെറുപ്പക്കാർക്ക് തൊഴിൽ കിട്ടാത്ത സാഹചര്യം തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പിൻവാതിലിലൂടെ നിയമനം നടത്തി യഥാർത്ഥ ചെറുപ്പക്കാർക്ക് കിട്ടേണ്ട തൊഴിലവസരങ്ങൾ തട്ടിപ്പറിക്കുന്നതിനെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കാൻ തൊഴിൽ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : പിൻവാതിലിലൂടെ തൊഴിൽ ലഭിക്കുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ : തൊഴിൽ സാദ്ധ്യതകളെ സംബന്ധിച്ചായാലും മറ്റ് സംസ്ഥാനങ്ങളിൽ പണിയെടുക്കുന്ന നമ്മുടെ തൊഴിലാളികളെ സംബന്ധിച്ചായാലും അന്യസംസ്ഥാനങ്ങളിൽ നിന്നുവന്ന് ഇവിടെ പണിയെടുക്കുന്നവരെ സംബന്ധിച്ചായാലും നമ്മുടെ ലേബർ വകുപ്പിൽ അതിനാവശ്യമുള്ള വിവരങ്ങൾ ഇല്ലെന്ന് പറഞ്ഞത് നിർഭാഗ്യകരമാണ്. നമ്മുടെ ഡിപ്പാർട്ടുമെന്റിൽ അത് ഉണ്ടാകേണ്ടതാണ് ഗുജറാത്ത് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ ചെമ്മീൻ ഫാക്ടറികളിൽ പണിയെടുക്കുന്ന തൊഴിലാളികളെ സംബന്ധിച്ച്, അവരുടെ പ്രശ്നങ്ങൾ പഠിക്കാനും മനസിലാക്കാനുമായി ഒരു എൻഫോഴ്സ്മെന്റ് വിഭാഗത്തെ ചുമതലപ്പെടുത്തി. അത് വളരെ പ്രയോജനപ്രദമായിരുന്നുവെന്നാണ് ലേബർ വകുപ്പിന്റെ തന്നെ ചില റിപ്പോർട്ടുകളിൽ കണ്ടത്. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിൽ വന്ന് പണിയെടുക്കുന്ന ആയിരക്കണക്കിന് തൊഴിലാളികളുണ്ട്. അതൊക്കെക്കൂടി ബന്ധപ്പെടുത്തിക്കൊണ്ട് ഇത്തരം കാര്യങ്ങൾ സംബന്ധിച്ച് ഗൗരവമായ ഒരു പഠനം നടത്താനും നമ്മുടെ പുതിയ തൊഴിൽ സാദ്ധ്യതകൾ കണ്ടെത്താനുമുള്ള നടപടി അടിയന്തിരമായി സ്വീകരിക്കുമോ ? ഇന്ന് ചർച്ച നടക്കുന്ന സമയത്ത് ഇതുസംബന്ധിച്ച് ഒരു പ്രഖ്യാപനം ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് കൂടി അഭ്യർത്ഥിക്കുന്നു.

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് കുടിയേറ്റ തൊഴിലാളികളെ സംബന്ധിച്ചാണ്. നമ്മുടെ സംസ്ഥാനത്ത് കുടിയേറ്റ തൊഴിലാളികളുടെ എണ്ണം വളരെ കൂടുതലായിരുന്നു. നിയന്ത്രണമില്ലാതെ തന്നെ, ലൈസൻസ് ഇല്ലാത്ത അനധികൃത ഏജൻസികൾ കുറെ ആളുകളെ ഇവിടെനിന്ന് കടത്തിക്കൊണ്ടുപോയി എന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾ ലേബർ ഡിപ്പാർട്ടുമെന്റ് തന്നെ ലേബർ കമ്മിഷനെ പോലുള്ള ഒരു കമ്മിഷനെ നിയമിച്ച് അതു സംബന്ധിച്ച് അന്യ സംസ്ഥാനങ്ങളിൽ വേണ്ട അന്വേഷണം നടത്തി ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അവർക്കാവശ്യമായ സൗകര്യങ്ങൾ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. ചെർക്കളം അബ്ദുള്ള : കാലിക പ്രാധാന്യമുള്ള ഒരു ചോദ്യമാണ് ഇവിടെ ഉന്നയിച്ചത്. ഈ ചോദ്യത്തിന് മറുപടിയായി പറഞ്ഞത് എല്ലാം ഇല്ലെന്നാണ്. തൊഴിൽ സാദ്ധ്യതകളെക്കുറിച്ച് അറിയേണ്ടത് നമ്മുടെ വളരെ പ്രധാനപ്പെട്ട ഒരു ബാദ്ധ്യതയാണ്. അരക്കോടിയോളം വരുന്ന നമ്മുടെ തൊഴിലില്ലാത്ത ആളുകൾക്ക് തൊഴിൽ നൽകാൻ കർശനവും ശക്തവുമായ സാദ്ധ്യതകളെ സംബന്ധിച്ച് പഠിക്കുന്നതിനാവശ്യമായ സംവിധാനം അടിയന്തിരമായി ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : നമ്മുടെ രാജ്യത്ത് തൊഴിലില്ലാത്ത ലക്ഷക്കണക്കിന് ആളുകളുണ്ടെന്ന് ഗവൺമെന്റിന് അറിയാം. ഗവൺമെന്റിന്റെ എല്ലാ പ്രവർത്തനങ്ങളും ലക്ഷ്യമിടുന്നത് അതിൽ പരമാവധി ആളുകൾക്ക് തൊഴിൽ കൊടുക്കാനാണ്. അതല്ലാതെ ഗവൺമെന്റ് അതിൽനിന്ന് മുഖം തിരിഞ്ഞുനിൽക്കുകയല്ല. പല ഡിപ്പാർട്ടുമെന്റുകളും നമ്മുടെ രാജ്യത്ത് തൊഴിലില്ലാത്ത ആളുകൾക്ക് തൊഴിൽ നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. നാണുമാസ്റ്റർ : ഏതെങ്കിലും തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ തൊഴിൽ സംരക്ഷണവും അവരുടെ ക്ഷേമപരിപാടികളുമാണ് തൊഴിൽ വകുപ്പ് കൈകാര്യം ചെയ്യുന്നതെന്ന് ഇവിടെ വ്യക്തമാക്കുകയുണ്ടായി. ആ നിലയ്ക്ക് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് വിഭാഗത്തിന്റെ സഹകരണത്തോടുകൂടി ഈവകകാര്യങ്ങൾ ചെയ്യുന്നതിന് മുൻകൈയെടുക്കാൻ സാധിക്കുമോയെന്നുള്ളതാണ് പ്രശ്നം. അതിനെ സംബന്ധിച്ച് വ്യക്തമാക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : എംപ്ലോയ്മെന്റിനെ സംബന്ധിക്കുന്ന കാര്യങ്ങൾ ലേബർ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ അല്ല, ഒരു പ്രത്യേക മന്ത്രിയുടെ കീഴിലാണ് വരുന്നത്. അതുകൊണ്ട് ഈ ചോദ്യം ഇവിടെ പ്രസക്തമല്ല.

ശ്രീ. കെ. എ. ചന്ദ്രൻ : പാലക്കാടുള്ള കഞ്ചിക്കോട് ഒരു വൻവ്യവസായ മേഖലയാണ്. അവിടെ ഇന്ന് പല വൻകിട, ചെറുകിട വ്യവസായ സ്ഥാപനങ്ങളും പ്രവർത്തനം നിറുത്തികൊണ്ടിരിക്കുകയാണ്. ഇന്ന് മനോരമ പത്രത്തിൽ കഞ്ചിക്കോട് കാർബറാണ്ടത്തിൽ വി. ആർ. എസ്. (സ്വയം പിരിഞ്ഞുപോകൽ) നടപ്പിലാക്കുന്നുവെന്ന് വാർത്തയുണ്ട്. ഇങ്ങനെ കേരളീയരായ തൊഴിലാളികൾ കൂടുതലുള്ള പല സ്ഥാപനങ്ങളും നിറുത്തൽ ചെയ്യുകയോ അല്ലെങ്കിൽ വി.ആർ.എസ്. നടപ്പിലാക്കി തൊഴിലാളികൾക്ക് തൊഴിലില്ലാതെ വരികയോ ചെയ്യുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അത്തരം തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനാവശ്യമായ സത്വര നടപടി ഗവൺമെന്റ് സ്വീകരിക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : ഏതെങ്കിലും ഫാക്ടറി ലോക്കൗട്ട് ചെയ്യുകയോ നിറുത്തുകയോ ചെയ്യുന്നതിനു നേരത്തെ ഗവൺമെന്റിന്റെ അനുവാദം വാങ്ങണം. വി. ആർ. എസ്. പലയിടത്തും നടപ്പിലാക്കിയിട്ടുണ്ട്. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. തൊഴിൽവകുപ്പിന്റെ ചർച്ചാവേളയിൽ അതിനെ സംബന്ധിച്ച് ഗവൺമെന്റ് സ്വീകരിക്കാനുദ്ദേശിക്കുന്ന ചില കാര്യങ്ങൾ ഈ സഭയിൽത്തന്നെ പ്രസ്താവിക്കുന്നതാണ്.

ദാരിദ്ര്യരേഖാ കുടുംബ സെൻസസ്

4 (*361) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. കെ. പ്രകാശ് ബാബു :
പ്രൊഫസർ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ദാരിദ്ര്യരേഖാ കുടുംബ സെൻസസ് പൂർത്തിയായിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് പൂർത്തിയായതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സെൻസസ് പ്രകാരം സംസ്ഥാനത്ത് എത്ര ദരിദ്ര കുടുംബങ്ങൾ ഉള്ളതായിട്ടാണ് കണക്കാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;